LIBRARY ARCHIVES Kerala Legislative Assembly

ചെറുതുരുത്തി തടയണയുടെ പൂർത്തീകരണം

226 (915) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ തടയണകൾ നിർമ്മിക്കുന്നതിനും നിർമ്മാണം ആരംഭിച്ച് പൂർത്തിയാകാതെ കിടക്കുന്ന തടയണകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ചേലക്കര മണ്ഡലത്തിൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള ചെറുതുരുത്തി തടയണയുടെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിർമ്മാണം പൂർത്തിയാക്കേണ്ട തടയണകളുടെ പദ്ധതിയിൽ പ്രസ്തുത തടയണയുടെ നിർമ്മാണം പൂർത്തിയാക്കുന്നതുകൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ ജലസേചനത്തിനും കുടിവെള്ള പദ്ധതികൾക്കും വളരെ പ്രയോജനകരമാണെന്ന് പഠനം നടത്തിയിട്ടുള്ള ചെറുതുരുത്തി തടയണ നിർമ്മാണം അടിയന്തര പ്രാധാന്യത്തോടെ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ തടയണകൾ നിർമ്മിക്കുന്നതിനും നിർമ്മാണം ആരംഭിച്ച് പൂർത്തിയാകാതെ കിടക്കുന്ന തടയണകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ചെറുതുരുത്തി തടയണയുടെ ബാക്കിവരുന്ന പണികളുടെ 14.50 കോടി രൂപയുടെ എസ്റ്റിമേറ്റ്, തൃശ്ശൂർ അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആർ.എം.എഫ്.-ൽ നിന്നും ഭരണാനുമതി ലഭിക്കുന്നതിനായി തൃശ്ശൂർ ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.